## ANNUAL EVALUATION 2023-24
## SOCIAL SCIENCE - STD IX

*Colin Jose E (HST-SS)*
*Dr.AMMR Govt HSS for Girls, Kattela*
*Thiruvananthapuram*

*Biju.M (HST-SS)*
*GHSS Parappa*
*Kasargod*

| Qn No: | Value Points | Score |
|---|---|---|
| | **1 മുതൽ 8 വരെ ഏതെങ്കിലും 7 ഉത്തരങ്ങൾക്ക് 2 സ്കോർ വീതം** | |
| **1** | **മതേതരത്വം:**<br>• ഇന്ത്യയ്ക്ക് ഒരു ഔദ്യോഗിക മതമില്ല.<br>• ഒരു മതത്തെയും ഇന്ത്യ പ്രോത്സാഹിപ്പിക്കുന്നുമില്ല.<br>• മതസ്വാതന്ത്ര്യം ഭരണഘടന ഉറപ്പു നൽകുന്നു. | **2** |
| **2** | **ഏറ്റവും വിനാശകാരിയായ തരംഗം:**<br>a) പ്രതല തരംഗങ്ങൾ<br>**ഭൂകമ്പതരംഗങ്ങൾ രേഖപ്പെടുത്തുന്ന ഉപകരണം:**<br>b) സീസ്മോഗ്രാഫ് | **2** |
| **3** | **ഭൂസർവ്വേ രീതികൾ:**<br>കൊച്ചി - കേട്ടെഴുത്ത്<br>തിരുവിതാംകൂർ - കണ്ടെഴുത്ത് | **2** |
| **4** | **ഉദാരവൽക്കരണത്തിന്റെ ഭാഗമായി നടപ്പിലാക്കിയ മാറ്റങ്ങൾ:**<br>• വ്യവസായങ്ങൾ തുടങ്ങാനുള്ള നിയന്ത്രണങ്ങൾ ലഘൂകരിച്ചു.<br>• ഇറക്കുമതിച്ചുങ്കവും നികുതികളും കുറച്ചു.<br>• വിദേശവിനിമയ ചട്ടങ്ങളിൽ മാറ്റം വരുത്തി.<br>• കമ്പോളനിയന്ത്രണങ്ങൾ പിൻവലിച്ചു.<br>• കൂടുതൽ മേഖലകളിൽ വിദേശനിക്ഷേപം അനുവദിച്ചു.<br>• അടിസ്ഥാന സൗകര്യവികസനം ,അടിസ്ഥാനവ്യവസായങ്ങൾ എന്നിവയിലെ സർക്കാർ പങ്കാളിത്തം കുറച്ചു. | **2** |
| **5** | **ഉരുൾപൊട്ടൽ ഉണ്ടാകുന്നത്:**<br>• ചരിവുകൂടുതലുള്ള പ്രദേശങ്ങളിൽ ചുരുങ്ങിയ സമയത്തിനുള്ളിൽ അതിശക്തമായി മഴ പെയ്യുമ്പോൾ ധാരാളം ജലം മണ്ണിലേക്ക് ആഴ്ന്നിറങ്ങും<br>• ഇത് മണ്ണിലെ സുഷിരങ്ങളിൽ കനത്ത സമ്മർദ്ദം ചെലുത്തും<br>• ഇളകിയ പാറയുടെയും മറ്റും അടിയിലെ മണ്ണ് വെള്ളത്തിന്റെ തള്ളൽ മൂലം താഴേക്കു നീങ്ങാൻ ഇടയാക്കും<br>• ഭൂഗുരുത്വം മൂലം ആ ഭാഗം ഒന്നാകെയോ ഭാഗികമായോ വൻശബ്ദത്തോടെ ഇടിഞ്ഞുവീഴുന്നതിന് ഇത് കാരണമാകുന്നു<br>• ഈ പ്രതിഭാസമാണ് ഉരുൾപൊട്ടൽ | **2** |
| **6** | **ഊര് :** | |

| | | |
|---|---|---|
| | • നിരവധി കുടികൾ ചേർന്ന് ഊരുകൾ രൂപംകൊണ്ടു. ഊരിന്റെ അധിപന്മാർ ഊരാളരായിരുന്നു.<br>**നാട് :**<br>• നിരവധി ഊരുകൾ ചേർന്നതാണ് നാടുകൾ. നാടുകൾക്കുമേൽ അധികാരമുണ്ടായിരുന്നവർ നാടുവാഴികൾ എന്നറിയപ്പെട്ടു. | **2** |
| **7** | **കൗമാര കുറ്റകൃത്യങ്ങൾ തടയാനുള്ള സ്ഥാപനങ്ങൾ:**<br>a) ചൈൽഡ് ഗൈഡൻസ് ക്ലിനിക്<br>b) കൗൺസലിങ് സെൻറർ | **2** |
| **8** | **രാഷ്ട്രീയപാർട്ടികളുടെ ചുമതലകൾ:**<br>• ഗവൺമെന്റിനെയും ജനങ്ങളെയും ബന്ധിപ്പിക്കുന്നു.<br>• പൊതുജനാഭിപ്രായം രൂപീകരിക്കുന്നു.<br>• രാഷ്ട്രീയബോധവൽക്കരണം നടത്തുന്നു.<br>• തിരഞ്ഞെടുപ്പിൽ മത്സരിച്ച് ഭൂരിപക്ഷം ലഭിക്കുന്ന പാർട്ടികൾ ഗവൺമെന്റ് രൂപീകരിക്കുന്നു.<br>• തിരഞ്ഞെടുപ്പിൽ മത്സരിച്ച് ഭൂരിപക്ഷം ലഭിക്കാത്ത പാർട്ടികൾ ക്രിയാത്മക പ്രതിപക്ഷമായി പ്രവർത്തിക്കുന്നു.<br>• ഗവൺമെന്റിന്റെ തെറ്റായ നയങ്ങളിൽ മാറ്റം വരുത്തുന്നതിന് പ്രവർത്തിക്കുന്നു.<br>• വിവിധ നയങ്ങളും പരിപാടികളും മുന്നോട്ടുവയ്ക്കുന്നു. | **2** |
| | **9 മുതൽ 15 വരെ ഏതെങ്കിലും 6 ഉത്തരങ്ങൾക്ക് 3 സ്കോർ വീതം** | |
| **9** | **a) വാവുവേലികൾ**<br>• അമാവാസി പൗർണമി ദിവസങ്ങളിൽ സൂര്യനും ചന്ദ്രനും ഭൂമിയും നേർരേഖയിൽ വരുന്നു.<br>• ഈ ദിവസങ്ങളിൽ സൂര്യന്റെയും ചന്ദ്രന്റെയും ആകർഷണശക്തി കൂടുതലായിരിക്കും.<br>• അതിനാൽ മറ്റ് ദിവസങ്ങളെ അപേക്ഷിച്ച് ശക്തമായ വേലിയേറ്റം ഉണ്ടാകുന്നു.<br>• ഇവയാണ് വാവുവേലികൾ. | **3** |
| **10** | **സൽത്തനത്ത് കാലത്തെ നാണയവ്യവസ്ഥ:**<br>• **'തങ്ക'** എന്ന വെള്ളിനാണയം<br>• **'ജിതൽ'** എന്ന ചെമ്പുനാണയം<br>• ഷേർഷ നടപ്പിലാക്കിയ **'റുപി'** എന്ന വെള്ളിനാണയം | **3** |
| **11** | **മാനവവികസന സൂചിക:**<br>• പ്രതിശീർഷവരുമാനം<br>• സാക്ഷരതയും മൊത്ത സ്കൂൾപ്രവേശനനിരക്കും<br>• ആയുർദൈർഘ്യം | **3** |
| **12** | **സാംസ്കാരിക സമന്വയത്തിൽ സംഗീതത്തിന്റെ പങ്ക്:** | |

| | | |
|---|---|---|
| | • ദക്ഷിണേന്ത്യയിൽ നിലനിന്നിരുന്ന സംഗീതശൈലിയായിരുന്നു **കർണാടക സംഗീതം.**<br>• പ്രസിദ്ധനായ കർണാടക സംഗീതജ്ഞനായിരുന്നു **നായിക് ഗോപാൽ.**<br>• ഉത്തരേന്ത്യയിൽ പേർഷ്യൻ സംഗീതത്തിന്റെ സ്വാധീന ഫലമായി രൂപം കൊണ്ടതായിരുന്നു **ഹിന്ദുസ്ഥാനി സംഗീതം.**<br>• പേർഷ്യയിൽ നിന്നുള്ള **തുമ്രി, ഖയാൽ** തുടങ്ങിയ ആലാപന രീതികൾക്ക് ഇന്ത്യൻ സംഗീതത്തിൽ പ്രചാരം ലഭിച്ചു.<br>• **സിത്താർ,സാരംഗി,തബല** തുടങ്ങിയ പുതിയ സംഗീതോപകരണങ്ങൾ പ്രചാരത്തിലായി.<br>• **'ഖയാൽ'** എന്ന് സംഗീത രീതിയും **ഗസലുകളും** ഇന്ത്യയിൽ വികാസം പ്രാപിക്കുന്നത് സൂഫികളിലൂടെയാണ്.<br>• സംസ്കൃതത്തിലുള്ള സംഗീത കൃതികൾ പേർഷ്യൻ ഭാഷയിലേക്ക് വിവർത്തനം ചെയ്യപ്പെട്ടു.<br>• അക്ബറിന്റെ സംരക്ഷണത്തിൽ ഉണ്ടായിരുന്ന സംഗീതജ്ഞരിൽ പ്രസിദ്ധനായിരുന്നു **താൻസെൻ.**<br>• ശാർങ്ഗദേവന്റെ **'സംഗീതരത്നാകരം'** എന്ന് ഗ്രന്ഥം മധ്യകാല ഇന്ത്യൻ സംഗീത ലോകത്തെ പ്രധാന സംഭാവനയാണ്. | 3 |
| 13 | **ലഹരിപദാർത്ഥങ്ങളുടെ ഉപയോഗം കൊണ്ടുള്ള പ്രശ്നങ്ങൾ:**<br>• ശാരീരികവും മാനസികവുമായ പ്രശ്നങ്ങൾ ഉണ്ടാകുന്നു.<br>• കുറ്റകൃത്യങ്ങൾ വർധിക്കുന്നു.<br>• ആത്മഹത്യ ,അപകടമരണം എന്നിവയ്ക്ക് കാരണമാകുന്നു.<br>• കുടുംബപ്രശ്നം,സാമ്പത്തികപ്രതിസന്ധി എന്നിവയ്ക്ക് കാരണമാകുന്നു. | 3 |
| 14 | **ജനസംഖ്യയിൽ മാറ്റമുണ്ടാക്കുന്ന ഘടകങ്ങൾ:**<br>• ജനനനിരക്ക്<br>• മരണനിരക്ക്<br>• കുടിയേറ്റം | 3 |
| 15 | **ശാസ്ത്രീയമായ ഭൂവിനിയോഗരീതികൾ:**<br>• കുന്നിൻചരിവുകളെ തട്ടുകളാക്കി ചരിവിന്റെ അളവ് കുറയ്ക്കുക.<br>• മലമ്പ്രദേശങ്ങളിലെ സ്വാഭാവിക നീർച്ചാലുകൾക്ക് തടസ്സമുണ്ടാക്കാതിരിക്കുക.<br>• ചരിവ് കൂടുതലുള്ള ഇടങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഒഴിവാക്കുക. | 3 |
| **16 മുതൽ 25 വരെ ഏതെങ്കിലും 9 ഉത്തരങ്ങൾക്ക് 4 സ്കോർ വീതം** | | |
| 16 | **ഹാറൂൺ-അൽ-റഷീദ്**<br>• അബ്ബാസിയ ഭരണാധികാരികളിൽ പ്രസിദ്ധൻ<br>• പ്രജാക്ഷേമതല്പരൻ<br>• ധാരാളം ക്ഷേമപദ്ധതികൾ നടപ്പിലാക്കി<br>• അറേബ്യായിലാദ്യമായി ആശുപത്രികൾ സ്ഥാപിച്ചു | 4 |

- നീതിന്യായഭരണം ഇസ്‌ലാംമത വിശ്വാസങ്ങൾക്കനുസരിച്ചുള്ളതായിരുന്നു
- നിയമവാഴ്ച്ച കർക്കശമായിരുന്നു
- സാമ്രാജ്യത്തിന്റെ ഏതുഭാഗത്തും ജനങ്ങൾക്ക് നിർഭയമായി സഞ്ചരിക്കാമായിരുന്നു

**17** (4)

| ഭൂരൂപം | രൂപീകരണ സഹായി | രൂപീകരണപ്രക്രിയ |
|---|---|---|
| കൂൺശില | **a) കാറ്റ്** | അപരദനം |
| ബീച്ചുകൾ | തിരമാല | **b)നിക്ഷേപണം** |
| സിർക്കുകൾ | **c)ഹിമാനികൾ** | അപരദനം |
| ഡെൽറ്റ | **d)നദികൾ** | നിക്ഷേപണം |

**18** (4)

**മുഗൾഭരണത്തിന്റെ സവിശേഷതകൾ:**

- രാജാധികാരം ദൈവദത്തമായിരുന്നു.
- തുർക്കി മംഗോൾ സമ്പ്രദായങ്ങളുടെ സ്വാധീനം.
- എല്ലാ അധികാരവും രാജാവിൽ കേന്ദ്രീകരിച്ചിരുന്നു.
- സൈനികശക്തിയിലധിഷ്ഠിതമായിരുന്നു.
- മന്ത്രിമാരും ഉദ്യോഗസ്ഥരും ഭരണത്തെ സഹായിച്ചു.
- പ്രാദേശികഭരണം നിലനിന്നിരുന്നു.

**19** (4)

<u>സംവഹനവൃഷ്ടി</u>

- ഉഷ്ണമേഖല പ്രദേശങ്ങളിൽ ഉയർന്ന താപമേറ്റ് വായു ചൂടായി വികസിച്ച് മുകളിലേക്കുയരുന്നു .
- ഈ വായു തണുത്ത് ഘനീഭവിച്ച് കുമുലസ് മേഘങ്ങളുണ്ടാകുന്നു.
- തുടർന്ന് ഇടിമിന്നലോടുകൂടി പെയ്യുന്ന മഴയാണ് സംവഹനവൃഷ്ടി.

<u>**തീരദേശമഴ**</u>

- കടലിൽനിന്നുള്ള വായു തീരദേശങ്ങളിൽ വച്ച് കരയിലെ വായുവുമായി കൂട്ടിമുട്ടാനിടയായാൽ ഉഷ്ണവായു മുകളിലേക്ക് ഉയർത്തപ്പെടുകയും തുടർന്ന് മേഘരൂപീകരണത്തിനും മഴക്കും കാരണമാകുകയും ചെയ്യുന്നു
- ഇതാണ് തീരദേശമഴ

**20** (4)

**കേവല ഭൂരിപക്ഷ വ്യവസ്ഥ:**

- രാജ്യത്തെ വിവിധ നിയോജകമണ്ഡലങ്ങളായി തിരിക്കുന്നു.
- ഒരു നിയോജകമണ്ഡലത്തിൽ നിന്ന് ഒരു പ്രതിനിധിയെ തിരഞ്ഞെടുക്കുന്നു.
- എത്ര സ്ഥാനാർത്ഥികൾക്ക് വേണമെങ്കിലും മത്സരിക്കാം.
- മറ്റു സ്ഥാനാർത്ഥികളെ അപേക്ഷിച്ച് കൂടുതൽ വോട്ട് ലഭിക്കുന്ന ആൾ തിരഞ്ഞെടുക്കപ്പെടുന്നു.

**21** (4)

| A | B |
|---|---|
| നെടിയിരുപ്പ് സ്വരൂപം | ഏറനാട് |

<table>
<tr>
<td></td>
<td>
<table>
<tr><td>തൃപ്പാപ്പൂര് സ്വരൂപം</td><td>വേണാട്</td></tr>
<tr><td>കോലസ്വരൂപം</td><td>കോലത്തുനാട്</td></tr>
<tr><td>പെരുമ്പടപ്പ് സ്വരൂപം</td><td>കൊച്ചി</td></tr>
</table>
</td>
<td></td>
</tr>
<tr>
<td>22</td>
<td>
ഗ്രാമീണ വാസസ്ഥലങ്ങൾ:
<ul>
<li>താരതമ്യേന കുറഞ്ഞ ജനസംഖ്യയുള്ളതും ജനങ്ങൾ മുഖ്യമായും കാർഷികവൃത്തിയെ ആശ്രയിച്ച് ജീവിക്കുന്നതുമായ പ്രദേശങ്ങളെ ഗ്രാമീണ വാസസ്ഥലങ്ങൾ എന്നു വിളിക്കുന്നു.</li>
</ul>
വാസസ്ഥലമാതൃകകൾ:<br>
<u>രേഖീയ മാതൃക</u>
<ul>
<li>റോഡ്,നദി,തീരരേഖ എന്നിവയ്ക്ക് സമാന്തരമായി വികസിച്ചുവരുന്ന വാസസ്ഥല മാതൃക.</li>
</ul>
<u>വൃത്താകാര മാതൃക</u>
<ul>
<li>ജലാശയങ്ങൾ,മേച്ചിൽപ്പുറങ്ങൾ,ആരാധനാലയങ്ങൾ തുടങ്ങിയ സവിശേഷതകളെ ചുറ്റി രൂപം കൊള്ളുന്ന വാസസ്ഥല മാതൃക.</li>
</ul>
<u>നക്ഷത്രമാതൃക</u>
<ul>
<li>വിവിധ റോഡുകൾ സന്ധിക്കുന്ന ഇടങ്ങളിൽ രൂപം കൊള്ളുന്ന വാസസ്ഥല മാതൃക</li>
</ul>
</td>
<td>4</td>
</tr>
<tr>
<td>23</td>
<td>
പ്രകൃതിദുരന്തങ്ങൾ ഉണ്ടാകുമ്പോൾ സ്വീകരിക്കേണ്ട പൊതുനടപടികൾ:
<ul>
<li>പരിക്കേറ്റവർക്ക് എത്രയും വേഗം വൈദ്യസഹായമെത്തിക്കുക.</li>
<li>ഊഹാപോഹങ്ങൾ വിശ്വസിക്കാതിരിക്കുക, പ്രചരിപ്പിക്കാതിരിക്കുക.</li>
<li>വിലപിടിപ്പുള്ള വസ്തുക്കൾ, രേഖകൾ എന്നിവ മാത്രം ഒപ്പം കരുതുക.</li>
<li>തിളപ്പിച്ചാറിയ വെള്ളം മാത്രം കുടിക്കുക.</li>
<li>അത്യാവശ്യ മരുന്നുകൾ കരുതുക.</li>
</ul>
</td>
<td>4</td>
</tr>
<tr>
<td>24</td>
<td>
സമൂഹത്തിൽ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ:
<ul>
<li>സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ</li>
<li>വിദ്യാഭ്യാസത്തിനുള്ള അവകാശം നിഷേധിക്കൽ</li>
<li>ഒരേ ജോലിക്ക് വ്യത്യസ്ത കൂലി</li>
<li>കഴിവു തെളിയിക്കാനുള്ള അവസരം നിഷേധിക്കൽ</li>
<li>പൊതുരംഗത്തുനിന്ന് മാറ്റിനിർത്തൽ</li>
</ul>
</td>
<td>4</td>
</tr>
<tr>
<td>25</td>
<td>
സ്വതന്ത്രവ്യാപാരക്കരാറിലെ നിർദേശങ്ങൾ:
<ul>
<li>ഇറക്കുമതിത്തീരുവ ഘട്ടംഘട്ടമായി കുറയ്ക്കുക.</li>
<li>സബ്സിഡികൾ കുറയ്ക്കുക.</li>
<li>പേറ്റന്റ് നിയമങ്ങൾ പരിഷ്കരിക്കുക.</li>
<li>സേവനരംഗങ്ങളായ മാധ്യമങ്ങൾ ,ടെലികോം ,ബാങ്കിംഗ് ,ഇൻഷുറൻസ് തുടങ്ങിയ മേഖലകളിലും വിദേശനിക്ഷേപം അനുവദിക്കുക.</li>
<li>ആഭ്യന്തരനിക്ഷേപങ്ങൾക്ക് നൽകുന്ന പരിഗണന വിദേശനിക്ഷേപങ്ങൾക്കും</li>
</ul>
</td>
<td>4</td>
</tr>
</table>

| | | |
|---|---|---|
| | നൽകുക. | |
| **26 ,27 ചോദ്യങ്ങളുടെ ഉത്തരങ്ങൾക്ക് 6 സ്കോർ വീതം** | | |
| **26** | **ഇന്ത്യയിലെ തിരഞ്ഞെടുപ്പ് സമ്പ്രദായം:**<br><br>**ആനഭിലഷണിയ പ്രവണതകൾ**<br><br>**പണത്തിന്റെ സ്വാധീനം**<br>• തിരഞ്ഞെടുപ്പിൽ വോട്ടർമാരെ പണം കൊടുത്ത് സ്വാധീനിക്കുന്നു<br>• തിരഞ്ഞെടുപ്പ് പ്രചാരണ പ്രവർത്തനത്തിന് രാഷ്ട്രീയപ്പാർട്ടികൾ അമിതമായി പണം ചെലവഴിക്കുന്നു<br>**തിരഞ്ഞെടുപ്പിനോടനുബന്ധിച്ച അതിക്രമങ്ങൾ**<br>• പോളിങ് ദിനത്തിലുണ്ടാകുന്ന അതിക്രമങ്ങൾ<br>• തിരഞ്ഞെടുപ്പിലെ കള്ളവോട്ടും ബൂത്ത് പിടിത്തവും<br>**ജാതിമതവിഭാഗങ്ങളുടെ സ്വാധീനം**<br>• സ്ഥാനാർത്ഥി നിർണ്ണയത്തിൽ ജാതിമത പരിഗണനകൾ സ്വാധീനം ചെലുത്തുന്നു<br>**സ്ത്രീകളുടെ പ്രാതിനിധ്യക്കുറവ്**<br>• സ്ഥാനാർത്ഥിനിർണയത്തിൽ സ്ത്രീകൾക്ക് അർഹമായ പരിഗണന ലഭിക്കുന്നില്ല<br>• പാർലമെന്റിലും നിയമസഭകളിലും സ്ത്രീകളുടെ പ്രാതിനിധ്യക്കുറവ്<br>**തിരഞ്ഞെടുപ്പ് പരിഷ്കാരങ്ങൾ**<br>• സമ്മതിദായികരുടെ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് ഏർപ്പെടുത്തി.<br>• സ്ഥാനാർത്ഥികളുടെ തിരഞ്ഞെടുപ്പുചെലവിന്റെ പരിധി നിശ്ചയിച്ചു.<br>• രാഷ്ട്രീയപാർട്ടിക്കും സ്ഥാനാർത്ഥികൾക്കുമുള്ള പെരുമാറ്റച്ചട്ടം നടപ്പിലാക്കി.<br>• തിരഞ്ഞെടുപ്പുകളിൽ ഇലക്ട്രോണിക് വോട്ടിങ് മെഷീൻ നടപ്പിലാക്കി.<br>• സമ്മതിദായകരുടെ ഫോട്ടോ പതിച്ച വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു.<br>• നിഷേധവോട്ട് സമ്പ്രദായം നടപ്പിലാക്കി.<br>• ബാലറ്റിൽ സ്ഥാനാർത്ഥികളുടെ ചിത്രം ഉൾപ്പെടുത്തി.<br>**OR**<br>**മലയാളഭാഷയുടെ വളർച്ചയിൽ മധ്യകാല സാഹിത്യകൃതികളുടെ പങ്ക് :**<br>**8 മുതൽ 12 നൂറ്റാണ്ട് വരെ**<br>• തമിഴിന്റെ സ്വാധീനം പ്രകടമായതും സംസ് കൃതം കലർന്നതുമായ രീതി.<br>• വട്ടെഴുത്തിലെഴുതിയ ലിഖിതങ്ങൾ.<br>• ഉദാ:- തരിസാപ്പള്ളി, തിരുനെല്ലി ലിഖിതങ്ങൾ.<br>**12 മുതൽ 14 നൂറ്റാണ്ട് വരെ**<br>• എഴുത്തുകളിൽ മലയാളത്തിന്റെ സ്വാധീനം കൂടിവന്നു.<br>• 12 ആം നൂറ്റാണ്ടിൽ രചിക്കപ്പെട്ട **രാമചരിതം** മലയാളത്തിലെ ആദ്യകൃതി.<br>**പതിനാലാം നൂറ്റാണ്ട്**<br>• മണിപ്രവാള സാഹിത്യകൃതികൾ രചിക്കപ്പെട്ടു.<br>• ഉദാ:- ഉണ്ണുനീലിസന്ദേശം, ഉണ്ണിയച്ചിചരിതം. | **6** |

**പതിനഞ്ചാം നൂറ്റാണ്ട്**

- നിരണം കവികളിൽപ്പെട്ട രാമപണിക്കർ അഥവാ കണ്ണശ്ശൻ മലയാളത്തിൽ എഴുതിയ രാമായണം, ഭാഗവതം, ശിവരാത്രിമാഹാത്മ്യം.
- ചെറുശ്ശേരിയുടെ കൃഷ്ണഗാഥ.

**പതിനേഴാം നൂറ്റാണ്ട്**

- ഭക്തിപ്രസ്ഥാനത്തിന്റെ സ്വധീനം.
- പൂന്താനത്തിന്റെ ജ്ഞാനപ്പാന, ശ്രീകൃഷ്ണകർണാമൃതം.
- തുഞ്ചത്ത് രാമാനുജൻ എഴുത്തച്ചൻ - അധ്യാത്മ രാമായണം കിളിപ്പാട്ട്, മഹാഭാരതം കിളിപ്പാട്ട്.

**പതിനെട്ടാം നൂറ്റാണ്ട്**

- കുഞ്ചൻനമ്പ്യാരുടെ തുള്ളൽ പാട്ട്.
- രാമപുരത്തുവാര്യർ - കുചേലവൃത്തം വഞ്ചിപ്പാട്ട്.
- വടക്കൻപാട്ട്, തെക്കൻപാട്ട് തുടങ്ങിയ വായ്മൊഴിപ്പാട്ടുകൾ

**27**

**കുടിയേറ്റം:**
**ഒരു പ്രദേശത്തു നിന്നു മറ്റൊരു പ്രദേശത്തേക്ക് സ്ഥിരമായോ താൽക്കാലികമായോ ജനങ്ങൾ മാറിത്താമസിക്കുന്നതിനെയാണ് കുടിയേറ്റം എന്നു പറയുന്നത്.**

**കുടിയേറ്റത്തിന്റെ ഫലങ്ങൾ:**

- മനുഷ്യവിഭവ കൈമാറ്റം സാധ്യമാകുന്നു
- മാതൃരാജ്യത്തേക്ക് വിദേശനാണ്യം ലഭ്യമാക്കുന്നു
- സാങ്കേതികവിദ്യാ കൈമാറ്റം സാധ്യമാകുന്നു
- കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കുന്നു
- ഉന്നതവിദ്യാഭ്യാസത്തിന് അവസരങ്ങൾ ലഭിക്കുന്നു

**OR**

| മുതലാളിത്ത സമ്പദ് വ്യവസ്ഥ | സോഷ്യലിസ്റ്റ് സമ്പദ് വ്യവസ്ഥ |
|---|---|
| • ലാഭം ലക്ഷ്യമക്കിയുള്ള പ്രവർത്തനം.<br>• ഉപഭോക്താക്കളുടെ പരമാധികാരം.<br>• സ്വതന്ത്ര കമ്പോളം.<br>• ഏതു ഉല്പന്നവും ഉൽപ്പാദിപ്പിക്കാനുള്ള സ്വാതന്ത്ര്യം.<br>• സ്വകാര്യസ്വത്തവകാശം.<br>• പാരമ്പര്യ സ്വത്തുകൈമാറ്റ രീതി.<br>• ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള സംരംഭകരുടെ പരസ്പരമത്സരം. | • ജനക്ഷേമം ലക്ഷ്യമാക്കിയുള്ള പ്രവർത്തനം.<br>• സ്വകാര്യസംരംഭകരുടെ അഭാവം.<br>• സ്വകര്യ സ്വത്തവകാശം,പാരമ്പര്യ സ്വത്തു കൈമാറ്റ രീതി എന്നിവയുടെ അഭാവം.<br>• സാമ്പത്തികസമത്വം. |

**6**

*Colin Jose E (HST-SS)*
*Dr.AMMR Govt HSS for Girls, Kattela*
*Thiruvananthapuram*

*Biju.M (HST-SS)*
*GHSS Parappa*
*Kasargod*